# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആവോലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8-984/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/08/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആവോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആവോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8-984/2021 തീയ്യതി: 27/08/2021

## എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.കെ.വിനോദ് | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 16-07-2021 |
| ശ്രീ.കെ.എ).ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിജയകുമാർഎൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. സുരേഷ് എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. രാജീവ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നവാസ് സി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനീഷ് ടി.എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോർഡി വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സുനിത.എസ് | സെക്രട്ടറി | 01-04-2019 | 24-04-2019 |
| ഷൈബ ഗോപാൽ | സെക്രട്ടറി | 25-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിത.എസ്. | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീല ഗോവിന്ദ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സാം മാത്യു | അസി. എൻജിനീയർ | 01-04-2019 | 18-06-2019 |
| ബിജി. പി.എം | അസി. എൻജിനീയർ | 19-06-2019 | 31-03-2020 |
| ഡോ.വിക്ടോ ജൂബിൻ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. പ്രിയാ ബാലരാജ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.മഞ്ജുഷ. എൻ | മെഡിക്കൽ ഓഫീസർ (ആയുർ വേദം) | 01-04-2019 | 14-10-2019 |
| ഡോ.അഞ്ജു വിശ്വം | മെഡിക്കൽ ഓഫീസർ (ആയുർ വേദം) | 15-10-2019 | 07-12-2019 |
| ഡോ.സി.ആർ. മിനി | മെഡിക്കൽ ഓഫീസർ (ആയുർ വേദം) | 08-12-2019 | 31-03-2020 |
| ഡോ.ശ്രീകല. എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-05-2019 |
| ഡോ.എമിൽ. പി.എ | മെഡിക്കൽ ഓഫീസർ | 01-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ലീല. പി.പി. | എച്ച്.എം. ജി.എൽ.പി.എസ്. കാവന | 01-04-2019 | 31-03-2020 |
| വൽസല | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| പ്രിയരഞ്ജൻ.ആർ | വി.ഇ.ഒ . ആനിക്കാട് | 01-04-2019 | 15-10-2019 |
| നീന. ബി | വി.ഇ.ഒ . ആനിക്കാട് | 16-10-2019 | 28-12-2019 |
| മുഹമ്മദ് ഷഫീക്ക് | വി.ഇ.ഒ . ആനിക്കാട് | 29-12-2019 | 31-03-2020 |
| മുഹമ്മദ് ഷഫീക്ക് | വി.ഇ.ഒ . ആവോലി | 01-04-2019 | 15-10-2019 |
| നീന. ബി | വി.ഇ.ഒ . ആവോലി | 16-10-2019 | 28-12-2019 |
| മുഹമ്മദ് ഷഫീക്ക് | വി.ഇ.ഒ . ആവോലി | 29-12-2019 | 31-03-2020 |
| ഷേബ പി. ബേബി | ഡയറി ഫാം ഇൻസ്ട്രക്ടക്ടർ | 01-04-2019 | 28-11-2019 |
| ഗീതാഞ്ജലി ആർ.റ്റി | ഡയറി ഫാം ഇൻസ്ട്രക്ടക്ടർ | 29-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 10-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Rajeev.R (Senior Grade Auditor, On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Rajeev.R (Senior Grade Auditor, On 25-07-2021)<br>Last Updated By: Rajeev.R (Senior Grade Auditor, On 25-07-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: S.Suresh (Audit Officer, On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 10-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: S.Suresh (Audit Officer, On 25-07-2021)<br>Last Updated By: S.Suresh (Audit Officer, On 25-07-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 25-07-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: C.M.Navas (Auditor, On 25-07-2021)<br>Last Updated By: C.M.Navas (Auditor, On 25-07-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 27-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 10-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 1-10 |
| 11 | ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1-11 |
| 12 | ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ - നടപടികൾ കാര്യക്ഷമമല്ല.<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 1-12 |
| 13 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-13 |
| 14 | സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടക്കാത്തതു സംബന്ധിച്ച്<br>Written By: Aneesh T S (Auditor, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-14 |
| 15 | ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ<br>Written By: Aneesh T S (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 10-08-2021) | 1-15 |
| 16 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ | 1-16 |

| | | |
|---|---|---|
| | - പഞ്ചായത്ത് കമ്മിറ്റി തീരുമാനം നാളിതുവരെ നടപ്പാക്കിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 10-08-2021) | |
| 17 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 10-08-2021) | 1-17 |
| 18 | ഡിപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1- 18 |
| 19 | സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കിയില്ല.<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1-19 |
| 20 | റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ - ടാർ വീപ്പയുടെ വില തനത് ഫണ്ടിൽ ഒടുക്കുന്നു<br>Written By: S.Suresh (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1- 20 |
| 21 | ഹരിത കേരളം മിഷൻ - കുട്ടികളുടെ അവധിക്കാല ക്യാമ്പ് - ചെലവ് തുക ക്രമീകരിച്ചില്ല<br>Written By: C.M.Navas (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1- 21 |
| 22 | കെൽട്രോണിന് അധികം നല്കിയ തുക തിരികെ ഈടാക്കിയില്ല.<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1- 22 |
| 23 | ചെലവിനാസ്പദമായ ടാക്സ് ഇൻവോയിസ് സൂക്ഷിച്ചിട്ടില്ല<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1- 23 |
| 24 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: C.M.Navas (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1- 24 |
| 25 | കാലി ബാരലിന്റെ വില കുറവു ചെയ്തില്ല<br>Written By: S.Suresh (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1- 25 |
| 26 | ഐ കെ എം വിഹിതം നൽകൽ - അധിക തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 1-26 |
| 27 | സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ സർട്ടിഫിക്കേറ്റ്/ലൈസൻസ് ലഭ്യമാക്കിയില്ല.<br>Written By: Aneesh T S (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1-27 |
| 28 | ഓഡിറ്റ് ഇംപാക്ട്<br>Written By: S.Suresh (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1 - 28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | M15 ഗ്രേഡിലുള്ള (1:2.5:5) കോൺക്രീറ്റിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചു | 3-1 |

| | | |
|---|---|---|
| | Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | |
| 2 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി -സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട , നികുതി ഈടാക്കിയില്ല.<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 3-2 |
| 3 | കെൽട്രോണിന് അധിക തുക നൽകി<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 3- 3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 25-07-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 25-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 25-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 25.02.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3617605 |
| വരവ് | 102872000 |
| ആകെ | 106489605 |
| ചെലവ് | 105154000 |
| നീക്കിയിരിപ്പ് | 1335605 |

സ്ഥാപനത്തിന്റെ 2019-20 ലെ പുതുക്കിയ ബജറ്റ് 19.03.20 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 188928209/-രൂപയും, ചെലവ് 191577824/- രൂപയുമാണ്.
ബജറ്റ് തയ്യാറാക്കുന്നതിമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുൻപായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല. അപാകതകൾ പരിഹരിച്ച് ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020. | 20.05.2020 |

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1)ആരക്കപ്പിള്ളി കോളനിയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം (പ്രൊജക്ട് നം. 223/20) 45170/- രൂപ തനത് ഫണ്ടിൽ നിന്നും 19.3.20 ൽ കെ.എസ്.ഇ.ബി യിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക വാർഷിക ധനകാര്യ പത്രികയുടെ RP 47 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിലെ 31.3.20 ലെ നീക്കിയിരുപ്പ് 756124/- രൂപയാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിലെ 31.3.20 ലെ നീക്കിയിരുപ്പ് 47024/- രൂപയാണ്. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

3) ഇ-ടെണ്ടർ ഫോറ ഇനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

5) സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 9768563 |
| വരവ് | 77374927 |
| ആകെ | 87143490 |
| ചെലവ് | 69289801 |
| നീക്കിയിരിപ്പ് | 17853689 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 9616523 | 9616523 | 8776298 | 840225 |
| വികസന ഫണ്ട്-എസ്.സി.പി | | 2440000 | 2440000 | 1745214 | 694786 |
| വികസന ഫണ്ട്-ടി.എസ്.പി | | 157000 | 157000 | 113434 | 43566 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 7570866 | 7570866 | 4126765 | 3444101 |
| മെയിന്റനൻസ് ഫണ്ട് റോഡ് | | 17493000 | 17493000 | 3886533 | 13606467 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | | 3829000 | 3829000 | 2144727 | 1684273 |
| സാക്ഷരത | 5917 | 3595 | 9512 | -- | 9512 |
| സാനിട്ടേഷൻ | 1782300 | -- | 1782300 | 24000 | 1758300 |
| അംഗൻവാടി പൂരക പോഷകാഹാരം | 1432226 | 396939 | 1829165 | 225667 | 1603498 |

വികസനഫണ്ട് ജനറൽ, എസ്.സി.പി. എന്നീ ഇനങ്ങളിൽ ജി.ഒ.പ്രോജക്ട് പ്രകാരമുള്ള വരവ് ചെലവ് തുകകൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 146960994 | 69 | 56303425 | 103 | 40 | 32.55% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1429 | 725669 | 727098 | 724081 | 3017 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 17999000 | 17999000 | 17999000 | -- |
| ആകെ | 1429 | 18724669 | 18726098 | 18723081 | 3017 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23160 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 945600 | 177 |
| വിധവാപെൻഷൻ | 3022200 | 562 |
| വാർദ്ധക്യകാലപെൻഷൻ | 6276300 | 1240 |
| വികലാംഗപെൻഷൻ | 1112200 | 199 |
| വിവാഹധനസഹായം | 90000 | 3 |

| | | |
|---|---|---|
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 142200 | 27 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19903/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. സേവനങ്ങളുടെ നിരീക്ഷണ സംവിധാനം സൂചിക സോഫ്റ്റ്‌വെയറിലൂടെ നിരീക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തിക്കുവാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലുണ്ടായിട്ടുള്ള ചില പോരായ്മകൾ താഴെ പറയുന്നു.

1.തെരുവ് വിളക്കുകളുടെ എണ്ണം, ഇനം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള പരാതി രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച പ്രവർത്തനങ്ങളിൽ വാർഡ് മെമ്പർമാരുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തപ്പെടുന്നില്ല.

3.പൊതുടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമത എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

4.ഡെപ്പോസിറ്റ് വർക്കുകൾക്കായി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ യഥാസമയം നിർവ്വഹിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കുന്നില്ല.

5.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് വർഷം വാങ്ങിയിട്ടുള്ള എൽ.ഇ.ഡി ലൈറ്റുകൾ, ഫർണ്ണീച്ചറുകൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി പരിശോധിക്കുകയോ, വർഷാന്ത്യ സ്റ്റോക്ക് പരിശോധനാസാക്ഷ്യപത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

6.ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങളൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ലാപ് ടോപ്പുകൾ, നിലവിൽ പ്രവർത്തനക്ഷമമായവ, എ.എം.സി വിവരങ്ങൾ, തകരാറുകൾ പരിഹരിച്ചതിന്റെ വിവരങ്ങൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.01.2021 | 2/20 മുതൽ 12/20 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.12.2017 – 29.12.2017 | 2012-13 മുതൽ 2016-17 വരെ | 1.03.2018 |

## 1-11 ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 14 ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2019- 2020 സാമ്പത്തിക വർഷത്തിൽ ആകെ രണ്ട് തവണ മാത്രമാണ് 14 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ആഗസ്റ്റ് | 1.വാർഷിക പദ്ധതി<br>2.ജല സംരക്ഷണ പരിപാടികൾ<br>2.ആരോഗ്യ ജാഗ്രത |
| 2 | 2020 ജനവരി | 1.2020-21 വാർഷിക പദ്ധതി |

| | | രൂപീകരണം |
|---|---|---|

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ - നടപടികൾ കാര്യക്ഷമമല്ല.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 04.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

ഗ്രാമപഞ്ചായത്തിൽ 19-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മേൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ, ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരണവും പ്രവർത്തനവും, അടിയന്തിര പ്രതികരണ ടീമിന്റെ രൂപീകരണം. തുടങ്ങിയ പ്രവർത്തനങ്ങളൊന്നും ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായുള്ള ദുരന്ത നിവാരണ വികസന സെമിനാറിന്റെ ഒരു യോഗം 7.3.2020 ൽ കൂടിയതിന്റെ വിവരം മാത്രമാണ് മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് യോഗങ്ങളൊന്നും തന്നെ കൂടിയിട്ടില്ല.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ദുരന്തമാനേജ്മെന്റ് പ്ലാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നതു സംബന്ധിച്ച് 9/2019-20 തിയതി 23/07/21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ സി2-1842/21 തിയതി 27/07/21 നം മറുപടിയിൽ അറിയിച്ചിരിക്കുന്നത് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ്. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | സൂര്യാ മാച്ച് വർക്സ് | 4 | രണ്ടാം അർദ്ധവർഷം |
| 2 | രാഹുൽ ഗ്രാനൈറ്റ്സ് | 6 | രണ്ടാം അർദ്ധവർഷം |
| 3 | മൈ ഹോം | 7 | രണ്ടാം അർദ്ധവർഷം |
| 4 | റോയൽ റബേഴ്സ് | 4 | രണ്ടാം അർദ്ധവർഷം |
| 5 | ബിസ്മി കണക്ട് | 4 | ആദ്യ അർദ്ധവർഷം |

.

## 1-14 സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടക്കാത്തതു സംബന്ധിച്ച്

താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2019 -20 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നതു സംബന്ധിച്ച് 8/2019-20 തിയതി 23/07/21 നം ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ സി2-1842/21 തിയതി 27/07/21 നം മറുപടിയിൽ അറിയിച്ചിരിക്കുന്നത് സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ്. സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| | |

| | |
|---|---|
| ആനിക്കാട് സർവ്വീസ് സഹകരണ ബാങ്ക് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| ആവോലി കാർഷിക സഹകരണസംഘം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| നിർമ്മല കോളേജ് സഹകരണസംഘം | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1-15 ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

ജി.ഒ.(പി) നം.80/2017/എൽ.എസ്.ജി.ഡി / തീയതി 31.10.2017 ഉത്തരവ് പ്രകാരം വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും മറ്റ സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഫീ ഈടാക്കുന്നത് സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്. മേൽ ഉത്തരവിൻ പ്രകാരം ഉൽപാദന മേഖലയിലും സേവനമേഖലയിലും ഉള്ള മൂലധനനിക്ഷേപത്തിന്റെ ഓരോ സ്ലാബിന്റേയും അടിസ്ഥാനത്തിൽ ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീ നിശ്ചയിച്ചിട്ടുണ്ട്.

2019-20 ലെ ലൈസൻസ് ഫീ രജിസ്റ്റർ പരിശോധിച്ചതിൽ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ചുമത്താവുന്ന ഓരോ സ്ലാബിലുമുള്ള പരമാവധി ഫീസ് സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായി ഈടാക്കുന്നതായി കണ്ടു.

ഉദാഹരണമായി വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന 40 കുതിരശക്തിവരെയുള്ള യന്ത്രത്തിന് ചുമത്താവുന്ന പരമാവധി ഫീസ് 400 രൂപ (ചട്ടങ്ങളിലെ പട്ടിക III പ്രകാരം) എന്നിരിക്കെ 40 കുതിരശക്തി വരെയുള്ള വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രമുള്ള ചാലക്കര സോമിൽ, മരങ്ങാട്ട് സോമിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി കൃത്യമായ തുക തന്നെ (400 രൂപ) ഈടാക്കുകയും എന്നാൽ ഇതേ സ്ലാബിലുമുള്ള എച്ച് & എ സോമിൽ, മെതിപ്പാറ സോമിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും 500 രൂപ വീതവുമാണ് ഈടാക്കിയിരിക്കുന്നത്.(100 രൂപാ വീതം അധികം) ഒരേ മേഖലയിൽ ഒരേ സ്ലാബിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ ഫീസ് ഈടാക്കുന്നത് പരാതികൾക്കിടയാക്കുമെന്നതിനാൽ ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടകാതെ ശ്രദ്ധിക്കേണ്ടതാണ്.

ഇതിനു വിശദീകരണം ലഭ്യമാക്കണമെന്നതു സംബന്ധിച്ച് നൽകിയ 1/2019-20 തീയതി 22/07/21 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും, ലൈസൻസ് ഫീ നിരക്ക് നിശ്ചയിച്ചതു സംബന്ധിച്ചുള്ള കമ്മറ്റി തീരുമാനവും, ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ - പഞ്ചായത്ത് കമ്മിറ്റി തീരുമാനം നാളിതുവരെ നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0151/20 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. |
| ചെലവ് വിവരം | 48000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം. | 4/22.6.2019 |

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ പഞ്ചായത്ത് ഓഫീസിന്റെ റൂഫിന് കേടുപാടുകൾ സംഭവിച്ചതിനാൽ ടി പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയ ഇക്കോമേറ്റ് എനർജി സൊല്യൂഷൻ, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് ആകെ നൽകേണ്ട ബിൽ തുകയായ 348000/- രൂപയിൽ ആദ്യ ഗഡുവായി 300000/- രൂപ നൽകുന്നതിനും ബാക്കി തുക പഞ്ചായത്ത് ഓഫീസ് റൂഫിന്റെ കേടുപാടുകൾ പരിഹരിച്ചതിനു ശേഷം മാത്രം നൽകുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതാണ്. (പഞ്ചായത്ത് കമ്മിറ്റിയുടെ 29.10.2018 ലെ 1(12) നമ്പർ തീരുമാനം) തുടർന്ന് 19-20 സാമ്പത്തിക വർഷത്തിൽ ബാക്കി നൽകാനുണ്ടായിരുന്ന 48000/- രൂപയിൽ നിന്നും ആദായ നികുതി (2%) കുറവ് ചെയ്തു ശേഷം 41040/- രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

1. പഞ്ചായത്ത് ഓഫീസ് റൂഫിനു സംഭവിച്ച കേടുപാടുകൾ പരിഹരിച്ചതിന് ശേഷം ബാക്കി തുക നൽകുവാനാണ് പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ റൂഫിന് സംഭവിച്ച കേടുപാടുകൾ പൂർണ്ണമായും പരിഹരിച്ചത് സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയറുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കേടുപാടുകൾ പരിഹരിച്ചതിനു ശേഷമാണോ ബാക്കി തുക അനുവദിച്ചിട്ടുള്ളത്? തുക നൽകുന്നതിന് ഭരണസമിതിയുടെ തുടരനുമതി ലഭ്യമാക്കിയിട്ടുണ്ടോ? പഞ്ചായത്ത് ഓഫീസ് റൂഫിന് നിലവിലും സാരമായ രീതിയിൽ ചോർച്ചയുള്ളതായും മഴവെള്ളം അകത്ത് വീഴുന്നതായും ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/23.7.21) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ പദ്ധതി തുക പാഴായി പോകാതിരിക്കുന്നതിനായാണ് കരാറുകാരന് തുക നൽകിയതെന്നും, ടി സ്ഥാപനത്തിൽ നിന്നും 40000/- രൂപയുടെ ടേം ഡിപ്പോസിറ്റ് രസീത് വാങ്ങി സൂക്ഷിച്ചിട്ടാണ് തുക നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ഡിപ്പോസിറ്റ് രസീതിന്റെ മെച്യൂരിറ്റി തീയതി

30.3.20 ആണ്. ടി ഡിപ്പോസിറ്റ് പുതുക്കി രസീത് വാങ്ങേണ്ടതാണ്. റൂഫിന് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാതെ റൂഫ് മെയിന്റനൻസിന് 40000/- മതിയാകും എന്ന് അനുമാനിച്ചത് എപ്രകാരമെന്നത് ഓഡിറ്റിൽ വ്യക്തമല്ല. സോളാർ പാനൽ സ്ഥാപിച്ചതു മൂലം റൂഫിനുണ്ടായ കേടുപാടുകൾ പ്രസ്തുത സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിൽ ചെയ്യിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

തെരുവ് വിളക്ക് സ്ഥാപിക്കലുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളാണ് ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളത്. പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 35/2020 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് സ്ഥാപിക്കൽ (എൽ ഇ ഡി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. |
| ചെലവ് വിവരം | 400007/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം. | 17/17.09.2019 |

ഗ്രാമപഞ്ചായത്തിന്റെ 14 വാർഡുകളിൽ 12 വീതം 18W എൽ ഇ ഡി ഓട്ടോമാറ്റിക് ബൾബുകൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി പ്രകാരം 168 എൽ ഇ ഡി ബൾബുകൾ 2381/- രൂപ നിരക്കിൽ ടെണ്ടർ നടപടികൾ കൂടാതെ KREWS എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1.വാങ്ങിയിട്ടുള്ള ലൈറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2.ലൈറ്റുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉള്ളത്. ഓരോ വാർഡിലേയും ആവശ്യകതാ നിർണ്ണയം നടത്താതെ 14 വാർഡുകളിലേയ്ക്കും തുല്യമായി വീതിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ലൈറ്റുകൾ സ്ഥാപിച്ചതായുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

3. 168 ലൈറ്റുകൾ വാങ്ങിയതിൽ 144 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിരുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിനെ തുടർന്നാണ് ബാക്കി ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതായി സാക്ഷ്യപത്രം ഹാജരാക്കിയത്.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 196/2020 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് സ്ഥാപിക്കൽ (എൽ ഇ ഡി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. |
| ചെലവ് വിവരം | 450000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 16675/- (തനത് ഫണ്ട്) |
| ബിൽ നം. | 450000/- അക്കൗണ്ട് ട്രാൻസ്ഫർ 13.3.20 16675/- ചെക്ക് നം. 982085/19.3.20 |

നിലവിലുള്ള 9 W എൽ ഇ ഡി ലൈറ്റുകൾ മെയിന്റനൻസ് നടത്തി പ്രവർത്തന ക്ഷമമാക്കുന്നത് ചിലവേറിയതായതിനാൽ ആയത് മാറ്റി 2 വർഷം വാറന്റിയുള്ള 18 W എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ (21.11.19 ലെ 2(1) നമ്പർ തീരുമാനം) നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി പ്രകാരം 196 എൽ ഇ ഡി ബൾബുകൾ 2381/- രൂപ നിരക്കിൽ ടെണ്ടർ നടപടികൾ കൂടാതെ KREWS എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1. വാങ്ങിയിട്ടുള്ള ലൈറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 21.1.2020 ൽ സപ്ലൈ ചെയ്ത ലൈറ്റുകൾ 2020 മാർച്ച് മാസത്തിൽ സ്ഥാപിച്ചതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉള്ളത്. ഓരോ വാർഡിലേയും ആവശ്യകതാ നിർണ്ണയം നടത്താതെ 14 വാർഡുകളിലേയ്ക്കും തുല്യമായി വീതിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ലൈറ്റുകൾ സ്ഥാപിച്ചതായുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

3.നിലവിലുണ്ടായിരുന്ന 9W എൽ ഇ ഡി ബൾബുകൾ മാറ്റിയാണ് പുതിയ ബൾബുകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ മാറ്റിയ ബൾബുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4.നിലവിലുണ്ടായിരുന്ന ലൈറ്റുകൾക്ക് AMC എടുത്തിരുന്നോ ? ഉണ്ടെങ്കിൽ ആയതിന്റെ കാലാവധി എന്നുവരെ?

5.196 ലൈറ്റുകൾ സ്ഥാപിച്ചതിൽ 120 എണ്ണവും നിലവിൽ പ്രവർത്തന രഹിതമാണെന്ന് 8.9.2020 ൽ സെക്രട്ടറി KREWS ന് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

6. തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്റർ, സർവ്വീസ് റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/23.7.21) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ വാങ്ങിയ ലൈറ്റുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും, വാർഡ് മെമ്പർമാരിൽ നിന്നും സാക്ഷ്യപത്രം നിലവിൽ വാങ്ങി സൂക്ഷിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. 120 ലൈറ്റുകൾ പ്രവർത്തന രഹിതമാണെന്ന് 8.9.2020 ൽ സെക്രട്ടറി KREWS ന് കത്ത് നൽകിയിരുന്നുവെങ്കിലും 2020-21ലെ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി നടത്തിയ മാർച്ച് 2021ലാണ് പ്രസ്തുത ലൈറ്റുകൾ നന്നാക്കി നൽകിയിട്ടുള്ളത്. സ്ഥാപിച്ച ലൈറ്റുകൾ 6 മാസത്തിനുള്ളിൽ തന്നെ പ്രവർത്തന രഹിതമാകുകയും ആയത് 6 മാസത്തിലധികം മെയിന്റനൻസ് നടത്താതിരുന്നതും പ്രസ്തുത സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റിൽ കാണുന്നു. ഇത്തരം അപാകതകൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1- 18 ഡിപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡിപ്പോസിറ്റായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | തുക | ബിൽ നം. / തീയതി | പരാമർശം |
|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (5/20) | കേരള വാട്ടർ അതോറിറ്റി | 500000 | 13.3.20 (അക്കൗണ്ട് ട്രാൻസ്ഫർ- ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | തുകയുടെ കൈപ്പറ്റ് രസീത്, പ്രവത്തിയുടെ പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല. കരാർ ചമച്ചിട്ടില്ല. |
| 2 | മൂന്നാം വാർഡിൽ വടക്കുംമല ഭാഗത്ത് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ (193/20) | കെ.എസ്. ഇ.ബി | 77282 | 982069/13.11.19 (തനത് ഫണ്ട്) | |
| 3 | ആരക്കപിള്ളി കോളനിയിൽ വോൾട്ടേജ്ക്ഷാമം പരിഹരിക്കൽ (223/20) | കെ.എസ്. ഇ.ബി | 45170 | 982084/19.3.20 (തനത് ഫണ്ട്) | |
| | ആകെ | | 622452 | | |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/20.7.21) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ വിനിയോഗ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 622452/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കിയില്ല.

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് (റോഡ് കോൺക്രീറ്റിംഗ്) ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട GST, ആദായനികുതി എന്നിവ ഈടാക്കിയിട്ടില്ല. കൂടാതെ സാധനവിലയോടൊപ്പം എസ്റ്റിമേറ്റിൽ അനാമത്ത് ചെലവുകൾക്കായി വകയിരുത്തിയ തുകയും അനുവദിച്ച് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ/ കൈപ്പറ്റിയ തുക | ഈടാക്കേണ്ട ആദായനികുതി (1%) | ഈടാക്കേണ്ട GST (2%) | അനുവദിച്ച അനാമത്ത് തുക | തുക അനുവദിച്ച തീയതി |
|---|---|---|---|---|---|
| കോട്ടപ്പുറം കാപ്പിൽതാഴം കനാൽ റോഡ് കോൺക്രീറ്റിംഗ് | ബിനു.കെ.തോമസ് 331400/- | 3314 | 6628 | 1852 | 26-10-19 |
| പൂതക്കുഴി പുഞ്ചക്കലായിൽ റോഡ് കോൺക്രീറ്റിംഗ് | പ്രവീൺ വർഗ്ഗീസ് 106959/- | 1070 | ---- | 590 | 04-05-19 |

| | | | | | |
|---|---|---|---|---|---|
| നടക്കര PHCതാഴം നടപ്പാത കോൺക്രീറ്റിംഗ് | മൻസൂർ പി.എം 113984/- | 1140 | ----- | 465 | ബില്ല് തയ്യാറാക്കിയ തീയതി -20-03-19 . (ചെലവു വന്നത് 2019-20 ൽ ) |
| ആകെ | | 5524 | 6628 | 2907 | |

മേൽപ്പറഞ്ഞ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/28.07.2021 ന് കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഇടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1- 20 റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ - ടാർ വീപ്പയുടെ വില തനത് ഫണ്ടിൽ ഒടുക്കുന്നു

റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ താഴെപ്പറയുന്ന ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നതിനു പകരം ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടാർ വീപ്പയുടെ വിലയിനത്തിൽ ഒടുക്കിയത് | രസീത് നമ്പർ |
|---|---|---|---|
| 1 | കാട്ട്കണ്ടം രാജേശ്വരി റോഡ് റീടാറിംഗ് | 2267 | 119010101810 തീയതി 06-09-19 |
| 2 | മുള്ളത്ത് കണ്ടം തോട് സൈഡ് കെട്ടലും റോഡ് മെറ്റലിംഗും ടാറിംഗും | 3370 | 118010105203 തീയതി 25-03-19 |
| 3 | ജനത റോഡ് റീടാറിംഗ് | 7392 | 119010101044 തീയതി20-06-19 |
| 4 | കാർമ്മൽ ചർച്ച് റോഡ് റീടാറിംഗ് | 3834 | 119010101043 തീയതി 20-06-19 |
| 5 | മുള്ളത്ത് കണ്ടം റോഡ് പുനരുദ്ധരണം & പനയൊലിത്താഴം റോഡ് പുനരുദ്ധാരണം | 8068 | 119010104070 തീയതി 03-02-20 |
| | | 24931 | |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി) 77/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രവൃത്തികൾ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതിനാൽ ടി തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/27.07.21 ന് ഗവൺമെന്റിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ഗവൺമെന്റിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1- 21 ഹരിത കേരളം മിഷൻ - കുട്ടികളുടെ അവധിക്കാല ക്യാമ്പ് - ചെലവ് തുക ക്രമീകരിച്ചില്ല

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് പ്രകാരം (നം. എഫ്-9388/17 തീയതി - 07-05-2019) ഹരിത കേരളം മിഷൻ - ആരോഗ്യ രക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം - പെൻസിൽ - കുട്ടികളുടെ അവധിക്കാല ക്യാമ്പ് നടത്താൻ അറിയിച്ചത് പ്രകാരം 24-05-2019 ൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കുടുംബശ്രീ മിഷൻ ആണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഇതിന്റെ ഭക്ഷണം , പരിശീലന സാമഗ്രികൾക്കായി തനത് ഫണ്ടിൽ നിന്നും വൗച്ചർ നം. 51900292 25-07-2019 പ്രകാരം 7100- രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് പ്രകാരം ക്യാമ്പ് പൂർത്തിയായ ശേഷം പ്രസ്തുത ചെലവ് വിവരങ്ങൾ (ഒറിജിനൽ ബിൽ, വൗച്ചറുകൾ, ഹാജർ ലിസ്റ്റ് ) കിലയിലേക്ക് നൽകുന്ന മുറയ്ക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് കിലയിൽ നിന്നും ചെലവുതുക തിരികെ അനുവദിച്ച് നൽകുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 22-07-2019 ലെ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നം. 7(9) പ്രകാരം കിലയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാനായി തീരുമാനിച്ചിട്ടുണ്ട്.

1. ചെലവഴിച്ച 7100 രൂപ തിരികെ ലഭിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കിലയിലേക്ക് ചെലവ് വിവരങ്ങൾ (ഒറിജിനൽ ബിൽ, വൗച്ചറുകൾ, ഹാജർ ലിസ്റ്റ് ) അയച്ച് കൊടുത്തിട്ടുള്ളത് സംബന്ധിച്ചും ,

2. തുക തിരികെ ലഭിച്ച് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വച്ചിട്ടുള്ളത് സംബന്ധിച്ചും

3. നാളിതുവരെ തുക ലഭിച്ചിട്ടില്ലെങ്കിൽ ഈ തുക 2019-20 വർഷ വാർഷിക ധനകാര്യ പത്രികയുടെ ബി-15, ബി-18 എന്നീ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് സംബന്ധിച്ചും വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/20-07-2021)ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ അയച്ച കൊടുത്തിട്ടില്ല എന്നും, തുക ഗ്രാമ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല എന്നും, വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം തുക നൽകിയത് തിരികെ ഈടാക്കാൻ നാളിതുവരെ നടപടികൾ സ്വീകരിക്കാത്തത് അപാകതയാണ്. ആയതിനാൽ മേൽ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1- 22 കെൽട്രോണിന് അധികം നല്കിയ തുക തിരികെ ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | 12/2019-20/ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)- 279150<br>തനത് ഫണ്ട്- - 32066<br>ആകെ 311216 |
| ചെലവ് | ബിൽ നം.07/19-20/ 30-12-19- 1,58,921 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

എസ്.സി വിഭാഗത്തിൽപ്പെട്ട 7 വിദ്യാർത്ഥികൾക്ക് പ്രോജക്റ്റ് വിഭാവനം ചെയ്ത പ്രകാരം ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി 1,58,921 രൂപ കെൽട്രോണിന് മുൻകൂറായിനൽകിയിട്ടുണ്ട്. എന്നാൽ ലാപ് ടോപ്പുകൾ കെൽട്രോൺ സപ്ലൈ ചെയ്യുന്ന വേളയിൽ നൽകിയ ബിൽ പ്രകാരം (RV200105001252 തീയതി 03.06.2020) ഇതിന്റെ വില 1,52,810 രൂപയാണ്. കെൽട്രോണിന് അധിക തുക നല്കി.(വിശദാംശം ഭാഗം 3 ൽ) ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28.07.21) കെൽട്രോണിന് നല്കിയ അധിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1- 23 ചെലവിനാസ്പദമായ ടാക്സ് ഇൻവോയിസ് സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | 15/2019-20/ വയോജനങ്ങൾക്ക്കട്ടിൽ (എസ്.സി) |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)- 143550 |
| ചെലവ് | ബിൽ നം.09/19-20/ 20.02.2020- 17,398<br>14/19-20/23.03.2020- 43,500<br>16/19-20/ 30.03.2020- 39150<br>ആകെ 1,00,048 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

എസ്.സി.വിഭാഗത്തിൽപ്പെട്ട വയോജനങ്ങളായ 23 പേർക്ക് 4350 രൂപ നിരക്കിൽ 1,00,048 ചെലവ് ചെയ്ത്, ആർട്കോ ലിമിറ്റഡ് ചെങ്ങന്നൂരിൽ നിന്ന് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആർട്കോയുടെ ടാക്സ് ഇൻവോയിസ് പ്രോജക്റ്റിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 1,00,048 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1- 24 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | S0009/2019-20 |
| പ്രൊജക്റ്റ് പേര് | ലൈഫ് ഭവന പദ്ധതി (ജനറൽ) |
| അടങ്കൽ | 24601000.00 |
| ചെലവ് | 19180000.00 |
| നിർവ്വഹണം. | വി.ഇ.ഒ. |

ലൈഫ് മിഷൻ പ്രൊജക്റ്റ് പ്രകാരം ഗുണഭോക്താവിന് തുക അനുവദിക്കുകയും എന്നാൽ നാളിതു വരെയായി ഭവനനിർമ്മാണം പൂർത്തിയാവാത്തതായും കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് / രജിസ്റ്റർ പേജ് | നൽകിയ തുക , തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ജലജ ബിജു /235 | 40000.00/ 21- | രേഖകൾ പ്രകാരം നിർമ്മാണം |

| | | | |
|---|---|---|---|
| | | 06-2019 | ആരംഭിച്ചിട്ടില്ല. |
| 2 | മാർട്ടിൻ ഡി പോറസ് /239 | 10-01-2019 – 40000.00<br>16-02-2019 – 160000.00 | തറ പണി പൂർത്തിയായി |
| 3 | പോൾ ദേവസ്യ/233 | 16-02-2019 – 40000.00<br>21-06-2019 – 100000.00<br>25-07-2019 – 40000.00<br>06-08-2019– 140000.00<br>31-03-2020– 40000.00<br>ആകെ 360000.00 | പൂർത്തീകരണ വിവരം ഇല്ല |
| 4 | ലില്ലി സാബു/107 | 26-07-2018- 40000.00<br>16-04-2019- 180000.00<br>21-06-2019- 100000.00<br>22-08-2019- 40000.00<br>ആകെ 360000.00 | പൂർത്തീകരണ വിവരം ഇല്ല |
| 5 | ഷാനവാസ് /105 | 24-09-2018 – 40000.00<br>10-01-2019 – 160000.00<br>16-02-2019-- 60000.00<br>21-06-2019 – 100000.00<br>ആകെ 360000.00 | പൂർത്തീകരണ വിവരം ഇല്ല |

ഗുണഭോക്താവ് കരാറിൽ ഏർപ്പെട്ടതിന് ശേഷം ആറുമാസത്തിനകം കെട്ടിട നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ രേഖകൾ പ്രകാരം മൂന്ന് വർഷം മുമ്പ് ഒന്നാം ഗഡു ലഭിച്ച ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പോലും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. ഇപ്രകാരം നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/28-07-2021) ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ( വാതിൽ പിടിപ്പിക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ) ആണ് തുക പൂർണ്ണമായി നൽകാത്തത് എന്ന് വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. ഗുണഭോക്താവ് സർക്കാരുമായി ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾ പ്രകാരം കരാർ തീയതി മുതൽ 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കരാറിൽ ഏർപ്പെട്ട് 3 വർഷം പൂർത്തിയായ വീടുകൾ പോലും പൂർത്തിയാകാത്തത് അപാകതയാണ്. ആയത് പരിശോധിച്ച് ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1- 25 കാലി ബാരലിന്റെ വില കുറവു ചെയ്തില്ല

എ) കാലി ബാരലിന്റെ വില കുറവു ചെയ്തില്ല

താഴെപ്പറയുന്ന റോഡ് ടാറിംഗ് പ്രവത്തികളുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ കാലി ബാരലിന്റെ വില കുറവു ചെയ്തില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | രണ്ടാർ വേങ്ങച്ചുവട്ടിൽ റോഡ് റീ ടാറിംഗ് |
| പ്രോജക്ട് നമ്പർ | S0088/19 |
| അടങ്കൽ തുക | 430000 |
| കരാറുകാരന്റെ പേര് | അബൂബക്കർ |
| ചെയ്ത വേലയുടെ മൂല്യം | 384356 |
| അളവു പുസ്തകം | 660/18-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവു വിവരം | ബിൽ നം 06/25-06-19 രൂപ 384356 |
| ഉപയോഗിച്ച RS1 ,S65, എന്നിവയുടെ അളവ് | RS1 – 1 ബാരൽ<br>S65 - 4<br>ആകെ - 5 |
| ഈടാക്കേണ്ട കാലി ബാരലിന്റെ വില | 5 *238 + GST 18% = 1190 + 214 =1404 |

ബാരലിന്റെ വിലയിനത്തിൽ കുറവു വന്ന 1404 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) കട്ട്ചെയ്തെടുത്ത മണ്ണിന്റെ വിനിയോഗ വിവരമില്ല

ടി പ്രവൃത്തിയിൽ 58.96 $M^3$ മണ്ണ് കട്ട് ചെയ്ത് മാറ്റിയിട്ടുണ്ടെങ്കിലും വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല.ലഭ്യമാകുന്ന മണ്ണ് പഞ്ചായത്തിന്റെ ആസ്തി ആകയാൽ ആയത് അന്യാധീനപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/27.07.2021ന് മറുപടി നൽകിയിട്ടില്ല.

## 1-26 ഐ കെ എം വിഹിതം നൽകൽ - അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 1/2020 |
| പ്രോജക്ടിന്റെ പേര് | ഐ കെ എം വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. |
| ചെലവ് വിവരം | 50170/- |
| ബിൽ നം. | 15/19-20/17.9.2019 |

2019-20 സാമ്പത്തിക വർഷത്തെ ഐ.കെ.എം പ്രവർത്തന ചെലവിനായി 50170/- രൂപ ഐ.കെ.എം ന് നൽകിയിട്ടുണ്ട്.സ.ഉ(സാധാ)1228/2016/തസ്വഭവ 8.3.2016 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന വികസന ഫണ്ടിന്റെ 0.25% തുകയാണ് ഐ.കെ.എം പ്രവർത്തന ചെലവായി നൽകാവുന്നത്. തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച ആകെ വികസന ഫണ്ട് 19784389/- രൂപയാണ്(സോഴ്സ് ഡിഡക്ഷൻ തുക ഉൾപ്പെടെ). ഇത് പ്രകാരം ഐ.കെ.എം ന് നൽകാവുന്ന പ്രവർത്തന ഫണ്ട് 49461/- രൂപ മാത്രമാണ്. എന്നാലിതിന് പകരം ബഡ്ജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുക കണക്കാക്കിയത് മൂലം 709/- രൂപ അധികം നൽകിയതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/27.7.21) സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ സർട്ടിഫിക്കേറ്റ്/ലൈസൻസ് ലഭ്യമാക്കിയില്ല.

2019-20 ലെ ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ സർട്ടിഫിക്കേറ്റ്/ലൈസൻസ് ഫയലിൽ കാണുന്നില്ലാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/2019-20 തിയതി 22/07/21 ന് സെക്രട്ടറി നൽകിയ സി2-1842/21 തീയതി 27/07/21 നം മറുപടിയിൽ മേലിൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണ്. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമനം. | സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ പേര് | ഹാജരാക്കേണ്ട സർട്ടിഫിക്കേറ്റ്/ലൈസൻസ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | സേവ്യർ മാത്യു | അലക്സ് ഇൻഡസ്ട്രീസ് | സാനിറ്ററി സർട്ടിഫിക്കേറ്റ് |
| 2 | വി കെ ഉമ്മർ | ഫ്രണ്ട്സ് സോമിൽ | സാനിറ്ററി സർട്ടിഫിക്കേറ്റ് |
| 3 | പി സി താഹിർ | ടീം തായ് ആശിഖ് എന്റെർപ്രൈസ് | സാനിറ്ററി സർട്ടിഫിക്കേറ്റ് |
| 4 | റഷീദ കബീർ | ബിസ്മി ഹോംമെയ്ഡ് ഫുഡ്സ് | എഫ് .എസ്.എസ് .എ .ഐ ലൈസൻസ് |
| 5 | ഐഷ അക്ബർ | അൽ അമീൻ ഹോംമെയ്ഡ് ഫുഡ്സ് | എഫ് .എസ്.എസ് .എ .ഐ ലൈസൻസ് |
| 6 | പി.പി മത്തായി | പൌൾട്രി ഫാം | പുതുക്കിയ പൊല്യൂഷൻ കൺട്രോൾ ലൈസൻസ് |

## 1 - 28 ഓഡിറ്റ് ഇംപാക്റ്റ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മുള്ളത്ത് കണ്ടം റോഡ് സൈഡ് ഡ്രയിൻ സംരക്ഷണം |
| പ്രോജക്റ്റ് നമ്പർ | S0190/20 |
| അടങ്കൽ തുക | 321000 |
| കരാറുകാരന്റെ പേര് | സജീവ് സ്റ്റീഫൻ |
| ചെയ്ത വേലയുടെ മൂല്യം | 320499 |
| അളവു പുസ്തകം | 155/19-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവു വിവരം | ബിൽ നം 37/30-01-20 രൂപ 320499/- |

മുള്ളത്ത് കണ്ടം പാടശേഖരത്തിലേക്ക് വെള്ളം ഒഴുകാതിരിക്കുന്നതിനായി നിലവിലെ ഡ്രയിൻ ഉയർത്തുന്നതിനുള്ള പ്രോജക്ടാണിത്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട ഇനം ചുവടെ കൊടുക്കുന്നു.

11.4.2.1 Providing Concrete For Plain/Reinforcement Concrete In Open Foundations Complete As Per Drawing . PCC Grade M15 (Nominal Mix (1:2.5:5))

M15 ഗ്രേഡിലുള്ള (1:2.5:5) കോൺക്രീറ്റ് മിശ്രിതം 35.88 $M^3$ ഉപയോഗിച്ചതിന് 7975.46/$M^3$ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. മേൽ നിരക്കിന്റെ ഡേറ്റ പരിശോധിച്ചതിൽ ടിയിനത്തിന് 20% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതായി കാണുന്നു. ഇതിന് അനുവദനീയമായ ഓവർഹെഡ് ചാർജ്ജ് 10% ആണ്. ഇതു പ്രകാരം അനുവദനീയമായ നിരക്ക് 7310.84/$M^3$ ആണ്. നിരക്കിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിച്ച നിരക്ക് | അനുവദനീയമായ നിരക്ക് |
|---|---|---|
| അടിസ്ഥാന നിരക്ക് | 4319.13 | 4319.13 |
| ഓവർഹെഡ് ചാർജ്ജ് | 863.82 | 431.91 |
| സി.പി (10%) | 518.29 | 475.10 |
| കോസ്റ്റ് ഇൻഡക്സ് (39.89) | 2274.22 | 2084.70 |
| ആകെ | 7975.46/$M^3$ | 7310.84/$M^3$ |

ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം കരാറുകാരന് അധികം നൽകാനിടയായി . വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച തുക | 35.88 * 7975.46/$M^3$ = 286160 |
| അനുവദനീയനായ തുക | 35.88 * 7310.84/$M^3$ = 262313 |
| അധികം | 23847 + 2862 (12% GST) = 26709/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(14/28.07.2021) അടിസ്ഥാനത്തിൽ 121010100692/29-07-21 നമ്പർ രസീത് പ്രകാരം 23848/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. GST ഇനത്തിൽ നൽകിയ തുക കൂടി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 M15 ഗ്രേഡിലുളള (1:2.5:5) കോൺക്രീറ്റിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മുളളത്ത് കണ്ടം റോഡ് സൈഡ് ഡ്രയിൻ സംരക്ഷണം |
| പ്രോജക്ട് നമ്പർ | S0190/20 |
| അടങ്കൽ തുക | 321000 |
| കരാറുകാരന്റെ പേര് | സജീവ് സ്റ്റീഫൻ |
| ചെയ്ത വേലയുടെ മൂല്യം | 320499 |
| അളവു പുസ്തകം | 155/19-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവു വിവരം | ബിൽ നം 37/30-01-20 രൂപ 320499/- |

മുളളത്ത് കണ്ടം പാടശേഖരത്തിലേക്ക് വെള്ളം ഒഴുകാതിരിക്കുന്നതിനായി നിലവിലെ ഡ്രയിൻ ഉയർത്തുന്നതിനുളള പ്രോജക്ടാണിത്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട ഇനം ചുവടെ കൊടുക്കുന്നു.

11.4.2.1 Providing Concrete For Plain/Reinforcement Concrete In Open Foundations Complete As Per Drawing . PCC Grade M15 (Nominal Mix (1:2.5:5))

M15 ഗ്രേഡിലുളള (1:2.5:5) കോൺക്രീറ്റ് മിശ്രിതം 35.88 $M^3$ ഉപയോഗിച്ചതിന് 7975.46/$M^3$ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. മേൽ നിരക്കിന്റെ ഡേറ്റ പരിശോധിച്ചതിൽ ടിയിനത്തിന് 20% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതായി കാണുന്നു. ഇതിന് അനുവദനീയമായ ഓവർഹെഡ് ചാർജ്ജ് 10% ആണ്. ഇതു പ്രകാരം അനുവദനീയമായ നിരക്ക് 7310.84/$M^3$ ആണ്. നിരക്കിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിച്ച നിരക്ക് | അനുവദനീയമായ നിരക്ക് |
|---|---|---|
| അടിസ്ഥാന നിരക്ക് | 4319.13 | 4319.13 |
| ഓവർഹെഡ് ചാർജജ് | 863.82 | 431.91 |
| സി.പി (10%) | 518.29 | 475.10 |
| കോസ്റ്റ് ഇന്ഡക്സ് (39.89) | 2274.22 | 2084.70 |
| ആകെ | 7975.46/$M^3$ | 7310.84/$M^3$ |

ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം കരാറുകാരന് അധികം നൽകാനിടയായി . വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച തുക | 35.88 * 7975.46/$M^3$ = 286160 |
| അനുവദനീയനായ തുക | 35.88 * 7310.84/$M^3$ = 262313 |
| അധികം | 23847 + 2862 (12% GST) = 26709/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 121010100692/29-07-21 നമ്പർ രസീത് പ്രകാരം 23848/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. GST കോമ്പൻസേഷനായി അനുവദിച്ച തുകയിൽ നിന്നും 2% സ്രോതസിൽ നിന്നും കുറവു ചെയ്തിട്ടുളളതിനാൽ ബാക്കി വരുന്ന തുകയായ 2384/-രൂപ (2862-476) കൂടി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-2 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി -സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട , നികുതി ഈടാക്കിയില്ല.

ദേശീയഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് (റോഡ് കോൺക്രീറ്റിംഗ്) ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട, GST, ആദായനികുതി എന്നിവ ഈടാക്കിയിട്ടില്ല. കൂടാതെ സാധനവിലയോടൊപ്പം എസ്റ്റിമേറ്റിൽ അനാമത്ത് ചെലവുകൾക്കായി വകയിരുത്തിയ തുകയും അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ/ കൈപ്പറ്റിയ തുക | ഈടാക്കേണ്ട ആദായനികുതി (1%) | ഈടാക്കേണ്ട GST (2%) | അനുവദിച്ച അനാമത്ത് തുക | തുക അനുവദിച്ച തീയതി |
|---|---|---|---|---|---|
| കോട്ടപ്പുറം കാപ്പിൽതാഴം കനാൽ റോഡ് | ബിനു.കെ.തോമസ് | 3314 | 6628 | 1852 | 26-10-19 |

| | | | | | |
|---|---|---|---|---|---|
| കോൺക്രീറ്റിംഗ് | 331400/- | | | | |
| പൂതക്കുഴി പുഞ്ചക്കലായിൽ റോഡ് കോൺക്രീറ്റിംഗ് | പ്രവീൺ വർഗ്ഗീസ് 106959/- | 1070 | ---- | 590 | 04-05-19 |
| നടക്കര PHCതാഴം നടപ്പാത കോൺക്രീറ്റിംഗ് | മൻസൂർ പി.എം 113984/- | 1140 | ----- | 465 | ബില്ല് തയ്യാറാക്കിയ തീയതി -20-03-19. (ചെലവു വന്നത് 2019-20 ൽ ) |
| ആകെ | | 5524 | 6628 | 2907 | |

മേൽപ്പറഞ്ഞ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14 ന് കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഇടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3- 3 കെൽട്രോണിന് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം/ പേര് | 12/2019-20/ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)- 279150<br>തനത് ഫണ്ട്- - 32066<br>ആകെ 311216 |
| ചെലവ് | ബിൽ നം.07/19-20/ 30-12-19- 1,58,921 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

എസ്.സി. വിഭാഗത്തിൽപ്പെട്ട 7 വിദ്യാർത്ഥികൾക്ക് പ്രോജക്ട് വിഭാവനം ചെയ്ത പ്രകാരം ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി 1,58,921/- രൂപ കെൽട്രോണിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുന്ന വേളയിൽ നൽകിയ ബിൽ പ്രകാരം (RV200105001252 തീയതി 03.06.2020) ഇതിന്റെ വില 1,52,810/- രൂപയാണ്. കെൽട്രോണിന് അധികം നൽകിയ 6,111/- രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1500000 | ഭവന നിർമ്മാണം | 1500000 | -- |
| | | 200000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | -- |
| | | 100000 | സാന്ത്വന പരിചരണം | 99880 | 120 |
| | | 200000 | പാൽ സബ്സിഡി | 200000 | -- |
| ജില്ലാ പഞ്ചായത്ത് | 2019-20 | 820000 | ഭവന നിർമ്മാണം | 820000 | -- |
| | | 15912 | നെൽകൃഷി കൂലി ചെലവ് | 15912 | -- |
| | | 150500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150500 | -- |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 12/17.06.19 | 500000 | -- | 500000 |
| കെ.എസ്.ഇ.ബി | ആരക്കപ്പിള്ളികോളനി വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ | 982084/19.3.20 | 45170 | -- | 45170 |
| | വടക്കുംമല ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 982069/13.11.19 | 77282 | -- | 77282 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 16980000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ജി.ഒ.6105/2019/ ധനം/ 1.08.2019 | 16980000 | 20885021 | 2382353 | | 35482668 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1489/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | ഖണ്ഡിക 3-7 | 1489 | മൻസൂർ പി.എ, പറമ്പിൽ | 119010100686/29.5.19 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77374927 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69289801 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8495 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 722500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്ന തുക | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും , ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 2384 | ബിജി പി.എം, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 6111 | സുനിത എസ് , അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 8495 | |

സി )ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 622452 | ഷൈബ ഗോപാൽ, സെക്രട്ടറി |
| 1-23 | 100048 | സുനിത. എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 722500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ആദായനികുതി | ജി.എസ്.റ്റി. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-2 | 5524/- | 6628/- | സെക്രട്ടറി |

.(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

.(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ | പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽ |
|---|---|---|---|

| | | | |
|---|---|---|---|
| നം | ഉദ്യോഗപ്പേരും | സമയത്തെ) ഔദ്യോഗിക മേൽവിലാസം | വിലാസം |
| 1 | ഷൈബ ഗോപാൽ, സെക്രട്ടറി | വിരമിച്ച | മാവേലിൽ ഹൗസ് തൃക്കളത്തൂർ പി.ഒ മൂവാറ്റുപുഴ |
| 2 | സുനിത എസ് , അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് | സൗമ്യ (H) L B S R A -70 തിരുവാങ്കുളം 682306 |
| 3 | ബിജി പി. എം, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ ആവോലി ഗ്രാമ പഞ്ചായത്ത് | പുത്തനക്കുടി, കറുകടം പി. ഒ വേണ്ടുവഴി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1972-73 | എൽ.എഫ്.ഇ.(പി.4)258/86/ 13-01-1987 | |
| 1982-83 | എൽ.എഫ്.ഇ. (പി.4)1534/8624-04-1987 | |
| 1983-84 | എൽ.എഫ്.ഇ.(പി.4)2383/87/ 10-02-1988 | |
| 1984-85 | എൽ.എഫ്.ഇ.(പി.4)126/88/ 13-05-1988 | |
| 1985-86 | എൽ.എഫ്.ഇ.(പി.4)346/89 / 21-08-1989 | |
| 1986-87 | എൽ.എഫ്.ഇ.(പി.4)609/91/ 6-06-1991 | |
| 1987-88 | എൽ.എഫ്.ഇ.(പി.4)1122/91/ 17-01-1992 | |
| 1988-89, 1989-90 | എൽ.എഫ്.ഇ.(പി.4)258/86 / 13-01-1993 | |
| 1990-91, 1991-92 | എൽ.എഫ്.ഇ.(പി.4)434/93 / 31-10-1995 | |
| 1992-93 | എൽ.എഫ്.ഇ.(പി.3)445/96 / 19-07-1996 | |
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.5)1150/97/ 19-04-1999 | |
| 1997-98, 1998-99 | എൽ.എഫ്.ഇ.(പി.5)1059/02 / 2-12-2002 | |
| 1999-00 പ്ലാൻ | എൽ.എഫ്.ഇ.(പി.5)183/05 / 17-08-2005 | |
| 1996-97 വരവ് | എൽ.എഫ്.ഇ.(പി.5)1213/7/ 12-02-2008 | |
| 1997-98 | എൽ.എഫ്.ഇ.(പി.5)1214/07/ 12-02-2008 | |
| 1998-99 | എൽ.എഫ്.ഇ.(പി.5)1215/07/ 12-02-2008 | |
| | | |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (1) /2018/10.719 | 1 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (4) /2018/10.719 | 3 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (5) /2018/10.719 | 8 |
| 2005-06, 2006-07, 2007-08, 2008-09 | എൽ.എഫ്.ഇ.(പി.5)180/09 / 14-05-2010 | |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ.(പി.8)689/13 / 25-11-2013 | |
| 2012-13, 2013-14 | എൽ.എഫ്.ഇ.(പി.8)1791/14/ 15-12-2014 | |
| 2014-15 | എൽ.എഫ്.ഇ.(പി.8)1193/16/ 19-07-2016 | |
| 2015-16 | കെ എസ് എ (ഇ.കെ.എം)പി.8)1905/16/ 28-11-2016 | |
| 2016-17 | കെ എസ് എ(ഇ.കെ.എം)പി.8) 2181/17/ 29-11-2017 | |
| 2017-18 | കെ എസ് എ (ഇ.കെ.എം)പി.8) 1170/19/ 02.08.2019 | 16 |
| 2018-19 | കെ എസ് എ (ഇ.കെ.എം)പി.8) 123/19/ 14.02.2020 | 24 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്